**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1852** **08-02-2023 - ൽ മറുപടിയ്ക്ക്**

**തിരുവമ്പാടി മണ്ഡലത്തിൽ ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. വി. അബ്ദുറഹിമാൻ<br>(കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതി പ്രകാരം തിരുവമ്പാടി മണ്ഡലത്തിൽ തെരഞ്ഞെടുത്ത പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | **തിരുവമ്പാടി നിയോജക മണ്ഡലത്തിലെ കൊടിയത്തൂർ സ്റ്റേഡിയം/ചെറുവാടി പഞ്ചായത്ത് സ്റ്റേഡിയം ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ പ്രാഥമിക ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി കായികയുവജന കാര്യാലയത്തിന്റെ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനമായ സ്പോർട്സ് കേരള ഫൗണ്ടേഷനെ നിയോഗിച്ചും പദ്ധതി നിർവ്വഹണത്തിനുള്ള മാതൃക ധാരണാപത്രം അംഗീകരിച്ചും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചും 12.07.2022ലെ സ.ഉ(അച്ചടി)നം.1/2022/കാ.യു.വ നമ്പർ ഉത്തരവായിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി ഒരു കളിസ്ഥലം നിർമ്മിക്കുന്നതിനാവശ്യമായി വരുന്ന ഒരു കോടി രൂപയിൽ 50 ലക്ഷം രൂപ കായിക വകുപ്പും ബാക്കി വരുന്ന തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ട് വിവിധ സ്ഥാപനങ്ങളുടെ സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് എന്നിവയിൽ നിന്നും കണ്ടെത്തുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇത്തരത്തിൽ തുക അനുവദിച്ചുകൊണ്ട് എം.എൽ.എയുടെ കത്തോ, കളക്ടറുടെ കത്തോ ലഭ്യമാകുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്നതാണ്.** |
| (ബി) | ഇതിനായുള്ള വിശദപദ്ധതിരേഖ തയ്യാറാക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയതെന്നും പദ്ധതിക്ക് എപ്പോൾ ഭരണാനുമതി നൽകാൻ കഴിയുമെന്നും വ്യക്തമാക്കുമോ? | (ബി) | **തിരുവമ്പാടി നിയോജക മണ്ഡലത്തിലെ കൊടിയത്തൂർ സ്റ്റേഡിയം/ചെറുവാടി പഞ്ചായത്ത് സ്റ്റേഡിയം ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ പ്രാഥമിക ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി കായികയുവജന കാര്യാലയത്തിന്റെ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനമായ സ്പോർട്സ് കേരള ഫൗണ്ടേഷനെ നിയോഗിച്ചും പദ്ധതി** |

| | | | |
|---|---|---|---|
| | | | നിർവ്വഹണത്തിനുള്ള മാതൃക ധാരണാപത്രം അംഗീകരിച്ചും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചും 12.07.2022ലെ സ.ഉ(അച്ചടി)നം.1/2022/കാ.യു.വ നമ്പർ ഉത്തരവായിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി ഒരു കളിസ്ഥലം നിർമ്മിക്കുന്നതിനാവശ്യമായി വരുന്ന ഒരു കോടി രൂപയിൽ 50 ലക്ഷം രൂപ കായിക വകുപ്പും ബാക്കി വരുന്ന തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ട് വിവിധ സ്ഥാപനങ്ങളുടെ സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് എന്നിവയിൽ നിന്നും കണ്ടെത്തുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇത്തരത്തിൽ തുക അനുവദിച്ചുകൊണ്ട് എം.എൽ.എയുടെ കത്തോ, കളക്ടറുടെ കത്തോ ലഭ്യമാകുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ